അങ്ങനെ
പിണറായിയും
ഭക്തനായി






# പ്രത്യയശാസ്ത്രമേ വിട !

# സ്വാമിയേ ശരണമയ്യപ്പ...

സ്പെഷ്യൽ കറസ്പോണ്ടന്റ്

ശബരിമല സ്ത്രീ പ്രവേശനത്തെ തുടർന്ന് പിണറായിയുടെ സർക്കാരിനും കുടുംബത്തിനും അയ്യപ്പശാപമുണ്ടായി എന്നാണ് പ്രമുഖ ജ്യോത്സ്യൻമാർ പറയുന്നത്. പിണറായിയുടെ  ഭാര്യയും മകളും ദക്ഷിണേന്ത്യയിലെ പല ക്ഷേത്രങ്ങളിലുമെത്തി പ്രാർത്ഥിച്ചു. ഒടുവിൽ അയ്യപ്പ സംഗമവും നടന്നു. സംഗമത്തിന്റെ ഫലം എന്താണെന്ന് പറയാറായിട്ടില്ല. പക്ഷെ സംഗമത്തിലൂടെ പിണറായി എന്ന പരമ ഭക്തനെ കേന്ദ്രം കണ്ടു. പ്രത്യയശാസ്ത്രമേ വിട ! സ്വാമിയേ ശരണമയ്യപ്പ...

വൈരുദ്ധ്യാധിഷ്ഠിതവും ചരിത്രപരവുമായ ഭൗതികവാദ സിദ്ധാന്തമനുസരിച്ച് ജാതികളില്ല; മതങ്ങളില്ല; ദൈവങ്ങളും ഇല്ല ഉള്ളത് മനുഷ്യൻ മാത്രം. എന്നാൽ കാലം മാറിയപ്പോൾ സിദ്ധാന്തങ്ങളുടെ കോലങ്ങളും മാറി. പുത്തൻ മാർക്സിയൻ സിദ്ധാന്തം അനുസരിച്ച് ജാതികൾ ഉണ്ട്; മതങ്ങളുണ്ട്; ദൈവങ്ങളുണ്ട് ഇല്ലാത്തത് ഇതിലൊന്നും പെടാത്ത മനുഷ്യർ മാത്രം, അവരെ നമുക്കെന്തിന് ? നമുക്ക് വേണ്ടത് ബാങ്കുകളാണ്. വോട്ട് ബാങ്കുകൾ.  ജാതികളും മതങ്ങളും ദൈവങ്ങളുമാണ് വോട്ട് ബാങ്കുകൾ

പിണറായിയെ ഒരു ഭക്തനാക്കി മാറ്റാനെങ്കിലും അയ്യപ്പ സംഗമാമത്തിന് കഴിഞ്ഞു എന്നത് ചെറിയൊരു കാര്യമല്ല. വെറും ഒരു ഭക്തനല്ല. അദ്ദേഹം ഇപ്പോൾ ഒരു ഭക്ത ശിരോമണി തന്നെയാണ്. ഭക്തിമൂത്ത് ലൗകിക ജീവിതം ഉപേക്ഷിക്കുമോ എന്ന് സംശയിക്കുന്നവരെ കുറ്റപ്പെടുത്താനാവില്ല. അങ്ങനെയൊക്കെ പല പ്പോഴും സംഭവിച്ചിട്ടുണ്ടല്ലോ. ചിന്താവിഷ്ടയായ ശ്യാമള എന്ന സിനിമയിൽ എല്ലാവരുടെയും നിർബന്ധപ്രകാരം മാലയിട്ട് ശബരിമലയിൽ പോയ ശ്രീനിവാസൻ മടങ്ങിയെത്തിയത് ഭക്തിമൂത്ത ഭ്രാന്തനായിട്ടാണ്.




അതിനാൽ പ്രത്യയശാസ്ത്രമേ വിട! സ്വാമിയേ ശരണമയ്യപ്പാ !

സിപിഎം സംഘടിപ്പിച്ച അയ്യപ്പ സംഗമത്തിൽ കരകളഞ്ഞ കമ്മ്യൂണിസ്റ്റ് ആയ പിണറായി വിജയൻ പരമ ഭട്ടാരക ശ്രീ പിണറായി സ്വാമികൾ ആയി പരിണാമം പ്രാപിക്കുന്ന നേർക്കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. അദ്ദേഹം ഭഗവത്ഗീത ഉദ്ധരിച്ചു. വേദങ്ങളും മന്ത്രങ്ങളും ഉച്ചരിച്ചു. സനാതന ധർമ്മത്തിന്റെ മഹാത്മ്യം ഉദ്ഘോഷിച്ചു. ഭഗവാന്റെ ആനന്ദ ലബ്ധിക്ക് ഇനിയെന്തു വേണം.

പക്ഷേ ഇതുകൊണ്ടെന്നും അയ്യപ്പ ശാപത്തിൽ നിന്നും മോക്ഷം നേടി എന്ന് പറയാനാവില്ല. അത് അന്ന ഭവത്തിൽ കൂടി മാത്രം അറിയുന്ന ഒന്നാണ്. അയ്യപ്പശാപത്തെ കുറിച്ചും അറിഞ്ഞതും അങ്ങനെ ആണല്ലോ ? ജ്യോത്സ്യശ്രേഷ്ഠന്മാരുടെ പ്രശ്നം വയ്പ്പലിൽ അത് തെളിഞ്ഞു. അവർ അക്കാര്യം പാർട്ടി കേന്ദ്രങ്ങളെ അറിയിച്ചു. അങ്ങനെയാണ് അയ്യപ്പ സംഗമം നടന്നത്. അയ്യപ്പ ശാപം തീർന്നോ എന്നറിയാൻ അല്പം കൂടി കാത്തിരിക്കേണ്ടിവരും.

എന്നാലും പിണറായിയെ ഒരു ഭക്തനാക്കി മാറ്റാനെങ്കിലും അയ്യപ്പ സംഗമത്തിന് കഴിഞ്ഞു എന്നത് ചെറിയൊരു കാര്യമല്ല. വെറും ഒരു ഭക്തനല്ല. അദ്ദേഹം ഇപ്പോൾ ഒരു ഭക്ത ശിരോമണി തന്നെയാണ്.ഭക്തിമൂത്ത് ലൗകിക ജീവിതം ഉപേക്ഷിക്കുമോ എന്ന് സംശയിക്കുന്നവരെ കുറ്റപ്പെടുത്താനാവില്ല. അങ്ങനെയൊക്കെ പല പ്പോഴും സംഭവിച്ചിട്ടുണ്ടല്ലോ. ചിന്താവിഷ്ടയായ ശ്യാമള എന്ന സിനിമയിൽ എല്ലാവരുടെയും നിർബന്ധപ്രകാരം മാലയിട്ട് ശബരിമലയിൽ പോയ ശ്രീനിവാസൻ മടങ്ങിയെത്തിയത് ഭക്തിമൂത്ത ഭ്രാന്തനായിട്ടാണ്.

അത്രത്തോളം ചിന്തിക്കേണ്ടതില്ലെങ്കിലും പിണറായി കാണിക്കുന്നത് കപട ഭക്തിയാണെന്ന ആരോപണത്തോട് യോജിക്കാനാവില്ല. രാഷ്ട്രീയത്തിൽ കപടമുഖം ഇല്ലാത്ത അപൂർവം ചില നേതാക്കളിൽ ഒരാളായാണ് പിണറായിയെ കേരളം കാണുന്നത്. അതുപോലെ തന്നെയായിരിക്കും ഭക്തിയിലും. പരമഭക്തൻ തന്നെയായിരിക്കും അദ്ദേഹം. പോരാത്തതിന് എസ്.എൻ.ഡി.പി യോഗം നേതാവ് വെള്ളാപ്പള്ളി നടേശൻ പിണറായിയുടെ ഭക്തനായി എന്ന് ഔദ്യോഗികമായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലപ്പുറം തെളിവായി മറ്റ് എന്താണ് വേണ്ടത്. ? കെട്ടും കെട്ടി പിണറായി ശബരിമല കയറിപോകുന്ന കാഴ്ച മാത്രമേ ഇനി കാണാൻ ബാക്കിയുള്ളൂ. എന്തായാലും പരിഹാര ക്രിയകൾ ഫലവത്തായോ എന്ന് അറിയാറായിട്ടില്ല. അതിന് സമയമെടുക്കും. കാരണം ആചാരലംഘനം എന്നു പറയുന്നത് നിസ്സാരകാര്യമല്ല. ശബരിമലയിൽ വാശിപിടിച്ച് സർക്കാർ ചില സ്ത്രീകളെ കയറ്റിയതിനുള്ള ശിക്ഷ അനുവഭവിച്ചേ പറ്റൂ. ഇതോടനുബന്ധിച്ച് മറ്റ് ചില അതിക്രമങ്ങളും ഭഗവാന്റെ മുമ്പിലുണ്ട്. കോടികൾ മുടക്കി വനിതാ മതിൽ സംഘടിപ്പിച്ചതും ആചാരലംഘനത്തിൽ പ്രതിഷേധിച്ചവരെ അടിച്ചൊതുക്കിയതും ഉൾപ്പെടെയുള്ള അതിക്രമങ്ങൾ.

അയ്യപ്പ സംഗമവും ഇനിയൊരു അതിക്രമമായാണോ ഭഗവാൻ കാണുന്നതെന്ന് അറിയില്ല. സദസ്സിലെ കസേരകൾ ഒട്ടു മുക്കാലും ഒഴിഞ്ഞു കിടക്കുന്നതായാണ് ചാനൽ ദൃശ്യങ്ങളിൽ നിന്ന് വ്യക്തമാകുന്നത.് 3000 പേരെ ക്ഷണിച്ചു. നാനൂറിൽപരം പേർ പങ്കെടുത്തു. പ്രഭാതഭക്ഷണത്തിന് 4000 പേർക്കുള്ള ഇഡ്ഡലിയും സാമ്പാറും. എന്തൊരു ധൂർത്താണിത് . ഭഗവാൻ വീണ്ടും ശപിക്കുമോ എന്നാണ് സംശയം. ആ സംശയം മൊത്തം പിണറായി ഉപഹാരം ആയി സ്വീകരിച്ച അയ്യപ്പ വിഗ്രഹത്തെ പൂജാവിഗ്രഹമാക്കി പൂജിക്കാൻ തുടങ്ങുമോ? കാലത്തിന്റെ കാവ്യനീതിയായി മാത്രം ഇതിനെ കണ്ടാൽ മതി.